## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4438 — 26.06.2014- ൽ മറുപടിക്ക്

### തിരുവനന്തപുരം ജില്ലയിലെ വരൾച്ചാ ദുരിതാശ്വാസ ഫണ്ട് വിനിയോഗം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. ശശി | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | 2013-ലെ വേനൽക്കാലത്ത് കുടി വെള്ളം എത്തിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽ പ്പെടുത്തി എത്ര പദ്ധതികൾ നടപ്പാക്കാൻ വാട്ടർ അതോറി റ്റിക്ക് അനുമതി നൽകിയിട്ടു ണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ നടപ്പാക്കിയ പദ്ധതികൾ ഏതെ ല്ലാമെന്ന് പറയാമോ; | (എ) | 2013-ലെ വേനൽക്കാലത്ത് കുടിവെള്ളം എത്തിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 164 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 145 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധ മായി ചേർത്തിട്ടുണ്ട്. (അനുബന്ധം - I) |
| (ബി) | നടപ്പാക്കിയ പദ്ധതികളിൽ ഏതെല്ലാം വർക്കുകൾക്ക് പ്രതി ഫലം നൽകിയിട്ടില്ലായെന്ന് വ്യക്തമാക്കുമോ; | (ബി) | 118 പദ്ധതികൾക്ക് പ്രതിഫലം നൽകിയിട്ടില്ല. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം - II) |
| (സി) | എന്ന് കരാറുകൾക്ക് പ്രസ്തുത തുക നൽകുമെന്ന് വ്യക്തമാ ക്കുമോ? | (സി) | വരൾച്ചാ ദുരിതാശ്വാസത്തിനായി തിരുവനന്തപുരം ജില്ലയ്ക്ക് 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ നിന്നും കരാറുകാർക്ക് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്